ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.11.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. എറണാകുളം-ബെംഗളൂരു ഉൾപ്പെടെ നാല് പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വാരാണസിയിൽ ഫ്ലാഗ് ഓഫ് ചെയ്യും.

   **Prime Minister Narendra Modi will flag off four new Vande Bharat Express trains, including the Ernakulam-Bengaluru route, in Varanasi today.**

2. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അംഗോള, ബോട്സ്വാന സന്ദർശനത്തിന് ഇന്ന് തുടക്കമാകും.

   **President Draupadi Murmu's visit to Angola and Botswana will begin today.**

3. ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിലെ എ.റ്റി.സി തകരാർ പരിഹരിച്ചതോടെ വ്യോമ ഗതാഗതം പൂർവ്വസ്ഥിതി പ്രാപിക്കുന്നതായി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ.

   **The Airports Authority of India says that air traffic is returning to normal after the ATC issue at Delhi International Airport was fixed.**

4. നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പ് ചൊവ്വാഴ്ച്ച നടക്കാനിരിക്കെ ബീഹാറിൽ പ്രചാരണം ഊർജ്ജിതം. പ്രമുഖ രാഷ്ട്രീയ നേതാക്കൾ പ്രചാരണ രംഗത്ത്.

   **Campaigning is in full swing in Bihar as the second phase of the assembly elections is scheduled to be held on Tuesday. Star campaigners of various political parties to woo the voters.**

5. മെട്രോ റെയിൽ പദ്ധതിയുടെ ആദ്യ ഘട്ട അലൈൻമെൻ്റിന് അംഗീകാരമായതോടെ തിരുവനന്തപുരത്തിന്റെ വികസനത്തിന് ഗതിവേഗം കൂടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Chief Minister Pinarayi Vijayan says that the development of Thiruvananthapuram will be accelerated with the approval of the first phase of the Metro Rail project.**

6. ഇന്ത്യ -ഓസ്ട്രേലിയ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് ബ്രിസ്ബേനിൽ.

**The last match of the India-Australia Twenty-20 cricket series will be played in Brisbane today.**

**&&&&&&&&&&&&&&&&&**

## PM- VANDE BHARAT -INTRO

എറണാകുളം-ബെംഗളൂരു ഉൾപ്പെടെ നാല് പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വാരാണസിയിൽ ഫ്ലാഗ് ഓഫ് ചെയ്യും. ഇന്നലെ വൈകുന്നേരം വാരാണാസിയിൽ എത്തിയ പ്രധാനമന്ത്രിക്ക് ബിജെപി പ്രവർത്തകരുടെ നേതൃത്വത്തിൽ ഉജ്ജ്വല സ്വീകരണമാണ് നൽകിയത്. ബനാറസ്-ഖജുരാഹോ, ലഖ്നൗ-സഹരൻപൂർ, ഫിറോസ്പൂർ-ഡൽഹി, എറണാകുളം-ബെംഗളൂരു റൂട്ടുകളിലാണ് പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ ഇന്ന് സർവീസ് ആരംഭിക്കുക. ഉദ്ഘാടന ചടങ്ങിൽ കേന്ദ്ര റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവ് പങ്കെടുക്കും.

വിശദാംശങ്ങളിലേക്ക്.....

(വോയിസ്)

## PM - VANDE BHARAT VOICE

എട്ട് മണിക്കൂർ 40 മിനുട്ട് കൊണ്ട് എറണാകുളത്തു നിന്നും ബംഗളുരുവിൽ എത്തിച്ചേരുന്ന വന്ദേഭാരത് എക്സ്പ്രസിലൂടെ യാത്രാ സമയം രണ്ട് മണിക്കൂറിലേറെ ലാഭിക്കാനാവും. രാവിലെ 8 ന് എറണാകുളം ജംഗ്ഷനിൽ നിന്ന് യാത്ര ആരംഭിക്കുന്ന ഉദ്ഘാടന സർവീസ് വൈകുന്നേരം 5.50 ന് കെ.എസ്.ആർ ബംഗളുരു റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേരും. കേരളത്തിന് അനുവദിച്ച മൂന്നാമത്തെ വന്ദേ ഭാരത് ട്രെയിനിൽ എട്ട് കോച്ചുകളാണുള്ളത്. കേരളത്തെ, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുന്ന ആദ്യ വന്ദേഭാരത് സർവീസാണിത്. എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ നടക്കുന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, കേന്ദ്രമന്ത്രിമാരായ അശ്വിനി വൈഷ്ണവ്, സുരേഷ് ഗോപി, ജോർജ് കുര്യൻ, മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ വി അബ്ദുറഹ്മാൻ, പി രാജീവ്, എം പി മാരായ വി കെ ഹാരിസ് ബീരാൻ, ഹൈബി ഈഡൻ, കൊച്ചി മേയർ എം അനിൽകുമാർ, ടി ജെ വിനോദ് എംഎൽഎ തുടങ്ങിയവർ പങ്കെടുക്കും.

ന്യൂസ്ഡെസ്ക് ആകാശവാണി.......

&&&&&&&&&&&&&&&

## ASWINI - VANDE BHARAT- INTRO

കേരളത്തിൽ നിന്ന് വിവിധ ജോലികൾക്കായി ബാംഗ്ലൂരിലേക്ക് പോകുന്ന പ്രൊഫഷണലുകൾക്ക് പുതിയ വന്ദേ ഭാരത് സർവീസ് ഏറെ പ്രയോജനപ്പെടുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. വാരാണസിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

( വോയിസ്.....)

&&&&&&&&&&&&&&&

## PM-CONFERENCE-LEGAL AID

സുപ്രീം കോടതിയിലെ നിയമസഹായ വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ള ദേശീയ സമ്മേളനം ഇന്ന് വൈകുന്നേരം ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. ദേശീയ ലീഗൽ സർവീസ് അതോറിറ്റി തയ്യാറാക്കിയ കമ്മ്യൂണിറ്റി മീഡിയേഷൻ പരിശീലന മൊഡ്യൂളിന്റെ ഉത്ഘാടനവും അദ്ദേഹം ചടങ്ങിൽ നിർവ്വഹിക്കും. നിയമ സഹായ ഡിഫെൻസ് കൗൺസൽ സിസ്റ്റം, പാനൽ അഭിഭാഷകർ, പാരാ-ലീഗൽ വളണ്ടിയർമാർ, സ്ഥിരം ലോക് അദാലത്തുകൾ തുടങ്ങിയ നിയമ സേവനങ്ങളുടെ പ്രധാന വശങ്ങളെക്കുറിച്ച് രണ്ട് ദിവസത്തെ സമ്മേളനം ചർച്ച ചെയ്യും.

&&&&&&&&&&&&&&&

## PRESIDENT VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അംഗോള, ബോട്സ്വാന സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഞായറാഴ്ച ശ്രീമതി മുർമു പ്രസിഡന്റ് ലോറെൻസോയുമായി ഉഭയകക്ഷി ചർച്ച നടത്തും. ചൊവ്വാഴ്ച അംഗോളയുടെ സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികാഘോഷത്തിൽ പങ്കെടുക്കുന്ന രാഷ്ട്രപതി അംഗോള പാർലമെന്റിനെ അഭിസംബോധന ചെയ്യുകയും ഇന്ത്യൻ സമൂഹവുമായി സംവദിക്കുകയും ചെയ്യും. തുടർന്ന് ശ്രീമതി മുർമു ബോട്സ്വാനയിലേക്ക് തിരിക്കും.

&&&&&&&&&&&&&&&

## VP- SRM UNIVERSITY

മികച്ച വിദ്യാഭ്യാസവും നൈപുണ്യങ്ങളും നവഭാരതം കെട്ടിപ്പടുക്കാൻ യുവാക്കൾക്ക് പ്രചോദനമേകുമെന്ന്

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. തുല്യത, നീതി, സുസ്ഥിരത എന്നീ ആദർശങ്ങളിൽ നിന്ന് പ്രചോദനമുൾക്കൊള്ളാൻ അദ്ദേഹം യുവാക്കളെ ആഹ്വാനം ചെയ്തു. ഹരിയാനയിലെ സോനിപതിൽ എസ്ആർഎം സർവകലാശാലയുടെ മൂന്നാം ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&

## CIVIL AVIATION-DELHI AIRPORT

ഡൽഹി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിലെ എ.റ്റി.സി തകരാർ പരിഹരിച്ചതോടെ വ്യോമ ഗതാഗതം പൂർവ്വസ്ഥിതി പ്രാപിക്കുന്നതായി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ. തകരാറിലായിരുന്ന ഓട്ടോമാറ്റിക് മെസേജ് സ്വിച്ചിംഗ് സംവിധാനങ്ങൾ പ്രവർത്തനക്ഷമമായി. സാങ്കേതിക പ്രശ്നത്തെ തുടർന്ന് ഡൽഹിയിൽ നിന്നുള്ള നിരവധി ആഭ്യന്തര, അന്തർദേശീയ വിമാന സർവീസുകൾ വൈകിയിരുന്നു. വിമാനക്കമ്പനികൾക്കും യാത്രക്കാർക്കും ഉണ്ടായ അസൗകര്യത്തിൽ വ്യോമയാന മന്ത്രാലയം ഖേദം പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&

## GADKARI FUEL-IMPORTING

ഇന്ധനം ഇറക്കുമതി ചെയ്യുന്ന രാജ്യമെന്ന നിലയിൽ നിന്ന് ഇന്ധനം കയറ്റുമതി ചെയ്യുന്ന രാജ്യമായി ഇന്ത്യ മാറുകയാണെന്ന് ഉപരിതല ഗതാഗത, ദേശീയ പാത മന്ത്രി നിതിൻ ഗഡ്കരി. എഥനോൾ, മെഥനോൾ, ഹരിത ഹൈഡ്രജൻ എന്നിവയുടെ വർദ്ധിച്ചുവരുന്ന ഉത്പാദനവും ഉപയോഗവും ഇതിന് കാരണമായതായും അദ്ദേഹം വ്യക്തമാക്കി. ഭുവനേശ്വറിൽ സംഘടിപ്പിച്ച ഇന്ത്യൻ റോഡ്സ്

കോൺഗ്രസിന്റെ 84-ാമത് വാർഷിക സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ ഗഡ്കരി.

**&&&&&&&&&&&&&&&&**

## VANDE MATHARAM

ദേശീയ ഗീതമായ വന്ദേമാതരത്തിൻറെ 150-ാം വാർഷികത്തോടനുബന്ധിച്ച്, ഒരു വർഷം നീളുന്ന ആഘോഷ പരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു. ഭാരത മാതാവിനോടുള്ള ആരാധനയും, ആദരവും സ്ഫുരിക്കുന്ന വന്ദേമാതരം, വാക്കുകൾക്ക് അതീതമായ അനുഭവമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിലും, ആകാശവാണി ഉൾപ്പെടെ വിവിധ സ്ഥാപനങ്ങളിലും ആഘോഷങ്ങളുടെ ഭാഗമായി വന്ദേമാതരം ആലപിച്ചു.

**&&&&&&&&&&&&&&&&**

## SIR KERALA

കേരളത്തിൽ, തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായ എന്യൂമെറേഷൻ ഫോം വിതരണത്തിന് നാലാം ദിവസവും മികച്ച പ്രതികരണമെന്ന് സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കർ. സംസ്ഥാനത്തിതുവരെ 11 ശതമാനത്തിലധികം പേർക്ക് എന്യൂമെറേഷൻ ഫോം വിതരണം ചെയ്തതായി അദ്ദേഹം അറിയിച്ചു. ഓരോ ദിവസവും ഓരോ ജില്ലയിലും മികച്ച പ്രവർത്തനം കാഴ്ച്ച വയ്ക്കുന്ന ബി എൽ ഒ യെ " ബി എൽ ഒ ഓഫ് ദി ഡേ " ആയി പ്രഖ്യാപിക്കുമെന്നും അദ്ദേഹം അറിയിച്ചു.

**&&&&&&&&&&&&&&&&**

## TRIVANDRUM METRO

തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയുടെ ആദ്യ ഘട്ട അലൈൻമെൻ്റിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരം. ടെക്നോപാർക്കിന്റെ മൂന്ന് ഫേസുകൾ, വിമാനത്താവളം, തമ്പാനൂർ ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, സെക്രട്ടറിയേറ്റ്, മെഡിക്കൽ കോളേജ് എന്നിവിടങ്ങളെ ബന്ധിപ്പിക്കുന്ന ആദ്യ ഘട്ടത്തിനാണ് അംഗീകാരമായത്. 31 കിലോമീറ്റർ ദൈർഘ്യമുള്ള പാതയിൽ 27 സ്റ്റേഷനുകൾ ഉണ്ടായിരിക്കും. തിരുവനന്തപുരത്തിന്റെ ഭാവി വികസനത്തിന് മെട്രോ റെയിൽ പദ്ധതി ഗതിവേഗം പകരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

&&&&&&&&&&&&&&&

## AIR SANGEETH SAMMELAN

ആകാശവാണി സംഗീത സമ്മേളനത്തിന് തിരുവനന്തപുരത്ത് ഇന്ന് തിരിതെളിയും. ആകാശവാണി തിരുവനന്തപുരം നിലയം സംഘടിപ്പിക്കുന്ന പരിപാടി വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വൈകുന്നേരം 5.45 ന് ആരംഭിക്കും.

&&&&&&&&&&&&&&&

## BIHAR ELECTION

ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിനായുള്ള പ്രചാരണം ഊർജ്ജിതം. 11 നാണ് വോട്ടെടുപ്പ്. എൻഡിഎയുടെയും മഹാഗഡ് ബന്ധന്റെയും മുതിർന്ന നേതാക്കളും താര പ്രചാരകരും പ്രചാരണ രംഗത്ത് സജീവമാണ്. അധികാരത്തിൽ വന്നാൽ ബീഹാറിൽ കൂടുതൽ വികസനം കൊണ്ട് വരുമെന്ന് ഔറംഗാബാദിൽ ഒരു റാലിയെ അഭിസംബോധന ചെയ്യവേ മുതിർന്ന ബിജെപി നേതാവും

പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി പറഞ്ഞു. മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി അമർപൂരിൽ തിരെഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തു. കർഷകരെയും തൊഴിലാളികളെയും ചെറുകിട ബിസിനസുകാരെയും ജിഎസ്ടി പരിഷ്ക്കാരങ്ങൾ ദോഷകരമായി ബാധിച്ചെന്ന് ഭഗൽപൂരിൽ ഒരു റാലിയെ അഭിസംബോധന ചെയ്യവേ അദ്ദേഹം ആരോപിച്ചു.

&&&&&&&&&&&&&&&

## GST-REAL ESTATE

പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ ഭവന നിർമ്മാണ മേഖലയ്ക്ക് പുത്തൻ ഉണർവ് ഏകിയതായി കേന്ദ്ര സർക്കാർ. സിമന്റിന്റെ നികുതി നിരക്ക് 18 ശതമാനമായും മാർബിൾ, ഗ്രാനൈറ്റ് ബ്ലോക്കുകളുടെ ജിഎസ്ടി 5 ശതമാനമായും കുറച്ചത് നിർമാണ ചെലവ് കുറയാൻ കാരണമായി. ഇതോടൊപ്പം നിർമ്മാണ മേഖലയിലെ എംഎസ്എംഇകളെ ശക്തിപ്പെടുത്താനും ജിഎസ്ടി പരിഷ്കാരങ്ങൾ സഹായകരമായതായാണ് വിലയിരുത്തൽ.

&&&&&&&&&&&&&&&

## MEA BRIEFING- INTRO

നിയമവിരുദ്ധമായി രഹസ്യ ആണവ പരീക്ഷണങ്ങൾ നടത്തുന്ന രാജ്യങ്ങളുടെ പട്ടികയിൽ പാകിസ്ഥാനുമുണ്ടെന്ന് ഇന്ത്യ. പാകിസ്ഥാന്റെ ആണവ പരീക്ഷണത്തെക്കുറിച്ചുള്ള യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ പരാമർശത്തെ തുടർന്നാണ് വിദേശകാര്യമന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാളിന്റെ പ്രതികരണം.

( വോയിസ്...)

യുഎഇ യിൽ തടവിൽ കഴിയുന്ന ഇന്ത്യൻ പൗരനായ റിട്ടയേഡ് മേജർ വിക്രാന്ത് ജെയ്റ്റ്ലിയ്ക്ക് സാധ്യമായ എല്ലാ സഹായങ്ങളും ഇന്ത്യൻ എംബസി വഴി ഉറപ്പാക്കുന്നുണ്ടെന്നും ശ്രീ ജയ്സ്വാൾ അറിയിച്ചു.

&&&&&&&&&&&&&&&

## IND-AUS 20-20 CRICKET

ഓസ്ട്രേലിയയിൽ നടക്കുന്ന പുരുഷ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ന് ഇന്ത്യ ആതിഥേയരെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.45 ന് ബ്രിസ്ബേനിലാണ് മത്സരം. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ 2-1 ന് ഇന്ത്യ മുന്നിലാണ്.

&&&&&&&&&&&&&&&

## RENJI TROPHY

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളം-സൗരാഷ്ട്ര മത്സരം ഇന്ന്. തിരുവനന്തപുരത്തെ കേരള ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ വൈകീട്ട് 4 മണിക്കാണ് മത്സരം.

&&&&&&&&&&&&&&&

&&&&&&&&&&

&&&